പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6237 2.4.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. ഹോട്ടലുകളിൽനിന്ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | കെ.ടി.ഡി.സി. ഹോട്ടലുകൾക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ; | എ) | കെ.ടി.ഡി.സി. ഹോട്ടലുകൾക്ക് പിരിഞ്ഞുകിട്ടാനുള്ള ആകെ തുക 448 ലക്ഷം രൂപയാണ്. |
| ബി) | മസ്കറ്റ് ഹോട്ടലിന് ലഭിക്കാനുള്ള കുടിശ്ശികയായ 19637623 രൂപ പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; ഇതിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. മസ്കറ്റ് ഹോട്ടലിന് ലഭിക്കാനുള്ള തുകയിൽ ഏറെയും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നാണ് ലഭിക്കാനുള്ളത്. ഇത് പിരിച്ചെടുക്കുന്നതിന് മസ്കറ്റ് ഹോട്ടലിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ കടം പിരിച്ചെടുക്കുന്നതിന് ബില്ലിന്റെ കോപ്പി സഹിതം സ്റ്റേറ്റ്മെന്റ് എടുത്ത് വിശദീകരണമുൾപ്പെടെ ഡിപ്പാർട്ട്മെന്റ് തലത്തിലും ഇൻസ്റ്റിറ്റ്യൂഷൻ തലത്തിലും അയച്ചു കൊടുത്തിട്ടുണ്ട്. പല ഡിപ്പാർട്ട്മെന്റും ഈ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ കടം തീർക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. 1,96,37,623 രൂപ കിട്ടാനുണ്ടായിരുന്നതിൽ 32 ലക്ഷം പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| സി) | മാനദണ്ഡവിരുദ്ധമായ ഇടപെടലുകളിലൂടെ കെ.ടി.ഡി.സി.യുടെ കുടിശ്ശിക തുക വർദ്ധിക്കുന്നതിന് കാരണക്കാരാകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോ; | സി) | മാനദണ്ഡങ്ങൾ പാലിക്കാതെ മന:പൂർവ്വം ഉദ്ദേശ ശുദ്ധിയില്ലാതെ ഉദ്യോഗസ്ഥർ കടം നൽകിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | കെ.ടി.ഡി.സി.യുടെ കടിശ്ശിക തുക വർദ്ധിക്കുന്നത് തടയുവാൻ പ്രത്യേകം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | 1. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് കടം കൊടുക്കുന്നത് നിർത്തലാക്കിയിട്ടുണ്ട്.<br>2. സ്വകാര്യ സ്ഥാപനങ്ങൾക്ക് കടം കൊടുത്തിട്ടുള്ള മാനേജേഴ്സ്, അത് നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുത്തില്ലെങ്കിൽ, അതിനുള്ള ബാദ്ധ്യത അവരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനുള്ള വ്യവസ്ഥയും ഉണ്ടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**